പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 771 — 02/12/2015 ൽ മറുപടിക്ക്

**ട്രോമകെയർ**

| | ചോദ്യം<br>**ശ്രീ. ബി.സത്യൻ** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമകെയർ സംവിധാനമൊരുക്കാൻ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | 2013-14 സാമ്പത്തിക വർഷത്തിൽ 13-ാം ധനകാര്യകമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമകെയർ യൂണിറ്റ് സജ്ജീകരിക്കുന്നതിനായി ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് 35.51 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.<br>കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 2015-16ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ ട്രോമകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് 4,27,98,956/- (നാല് കോടി ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി തൊള്ളായിരത്തി അമ്പത്തിയാറ് രൂപ) യുടെ ഒരു പ്രൊപ്പോസൽ റോഡ് സേഫ്റ്റി കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഫണ്ട് ലഭ്യമായിട്ടില്ല. |
| (ബി) | ഇതിലേക്ക് ഫണ്ട് ആവശ്യപ്പെട്ട് റോഡ് സേഫ്റ്റി അതോറിറ്റിക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ – 695035

ഫോൺ :0471 – 2302490 ഫാക്സ്: 0471 – 2303025/2303080

ഇ-മെയിൽ : dhskerala@gmail.com

വെബ്സൈറ്റ്: www.dhs.kerala.gov.in


നം:എം.സി–2/14362/08/ആ.വ.ഡ. തീയതി : 26.10.2015

പ്രേക്ഷിതൻ

ആരോഗ്യവകുപ്പ് ഡയറക്ടർ.

സ്വീകർത്താവ്

റോഡ് സേഫ്റ്റി കമ്മീഷണർ

കേരള റോഡ് സേഫ്റ്റി അതോറിറ്റി

ട്രാൻസ് ടവേഴ്സ്

വഴുതക്കാട്,തിരുവനന്തപുരം

പിൻ: 695014

സർ,

വിഷയം:- ആ.കു.വ -ആവഡ- കേരള റോഡ് സേഫ്റ്റി അതോറിറ്റി-ആറ്റിങ്ങൽ താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് ഫണ്ട് 2015-16 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തി അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. കത്ത് നം. സി1-001/15/ജി.മെ.ഒ, തിരുവനന്തപുരം തീയതി 22/09/2015

2. കത്ത് നം.എ2/743/കെ.ആർ.എസ്.എ/2014 തീയതി 30.12.2014

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മേൽ സൂചന പ്രകാരം, ആറ്റിങ്ങൽ താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്നും 4,27,98,956/-രൂപ (നാല് കോടി ഇരുപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി തൊള്ളായിരത്തി അൻപത്തി ആറ് രൂപ മാത്രം) 2015-16 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ തുടർനടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പാരിപ്പള്ളി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് 3,89,34,585/- രൂപ (മൂന്ന് കോടി എൺപത്തി ഒൻപത് ലക്ഷത്തി മുപ്പത്തി നാലായിരത്തി അഞ്ഞൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ഈ ഓഫീസിലെ എം.സി2–14362/2008 തീയതി 01/08/2015 പ്രകാരം കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട് എന്നുള്ള വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി.